# വെളിച്ചം നെയ്യുന്നവരോടൊത്തൊരു യാത്ര


ഡോ. മുഹമ്മദ് ഷാ

ഒരു 'ഖാൻ വാഹിന്റെ' (സൂഫി ഭവനം) വരാന്തയിലിരുന്നു കുറിക്കുന്നത്: 'മിസ്കീൻ'മാരുടെ ഹജ്ജായ ഒരു ജുമുഅ ദിവസത്തിന്റെ പുലരിയിൽ. അതിരുകളില്ലാത്ത ആകാശത്തിന്റെ നീലിമയും കേവലം ഹ്രസ്വമായ ആയുസ്സുള്ള മനുഷ്യനും സമാന്തരങ്ങളായി തുടരുമ്പോൾ ജീവിതം രാകുന്നവർക്കുവേണ്ടി.

യാത്രകൾ എനിക്കിഷ്ടമാണ്. 'നുബുവ്വത്ത്' കാത്തിരിക്കുന്ന ഈ നാല്പതിലേക്കെത്തുമ്പോഴും അവിരാമമായ യാത്രകൾ. തീവണ്ടിച്ചക്രങ്ങളിൽനിന്നും ഓട്ടോറിക്ഷയിലേക്ക് ബസ്സുകളിലേക്ക് വലിയ ആഡംബര വാഹനങ്ങളിലേക്ക്.

ഖാൻവാഹിന്റെ മുറ്റത്തുള്ള മുള്ളുകളുടെ ചെടിയിൽനിന്നും ഒരു റോസാപുഷ്പം തലനീട്ടുന്നു. പത്ത് വർഷങ്ങൾക്കുമുമ്പ് 'ഗ്യുലിസ്ഥാൻ' എന്ന ഒരു പേർസ്യൻ സൂഫി കാവ്യഗ്രന്ഥത്തിന്റെ ജാഗത്തായ മനസ്സാണ് എന്നെയിവിടെയെത്തിച്ചത്. പിന്നീടുള്ള അയനങ്ങളുടെ അച്ചുതണ്ട് ഈ ഭവനമായിരുന്നു.

അങ്ങനെ ഓളപ്പാത്തികളിൽ യാത്ര ചെയ്യവേ ഒരിക്കൽ, തുഞ്ചൻപറമ്പിലെ ലൈബ്രറിയിൽനിന്ന് 'മലയാളം' വാരികയിൽ സ്ത്രീകളുടെ ലോകം എന്ന പംക്തിയിൽ ഒരു ഷീബ അമീറിനെ വായിക്കാനിടയായി. താരാശങ്കർ ബാനർജിയുടെ ആരോഗ്യനികേതനത്തിലെ ജീവൻ മശായ്യെ തേടിയിറങ്ങിയ ഇരുപത് വയസ്സിൽ സൂക്ഷിക്കുന്ന, ജീനുകളിൽ സൂക്ഷിക്കുന്ന ഒരു വൈദ്യസംസ്കാരമുണ്ടെനിക്ക്. ടാറ്റ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിൽ അർബുദരോഗം ബാധിച്ച രോഗികൾക്കിടയിൽ അതേ



ചിത്രീകരണം : ചരിത

രോഗമുണ്ടായിരുന്ന മകളുമായി ശ്രീമതി ഷീബ അനുവർത്തിച്ച ജീവിതചലനങ്ങൾ 'മലയാളം' വാരികയുടെ താളുകളിൽ നിവർന്നുനിന്നു. ഈ കക്ഷി കൊള്ളാമല്ലോയെന്ന് മനസ്സ് പറഞ്ഞു. ആരേയും കാത്തുനിൽക്കാത്ത കാലം അതിന്റെ വഴിക്ക് പോയി. ഞാനും.

വനിതാ പ്രസിദ്ധീകരണങ്ങൾ ഏറ്റവും കൂടുതൽ വായിക്കുന്നത് പുരുഷന്മാരാണല്ലോ. പ്രിയസുഹൃത്ത് അഷ്ടമി ഹെർബൽ കെയറിന്റെ ഉടമ ഡോ. ബാലരാമൻ ബി.എ.എം.എസ്. പറയാറുള്ളതുപോലെ പ്രണയിച്ചു പരാജിതനാകുന്നവൻ പുരുഷൻ എന്നുള്ളതുകൊണ്ട് മാത്രമായിരുന്നില്ല വനിത നോക്കിയിരുന്നത്. അതിലെ 'പ്രതിസന്ധിയിൽ തളരാതെ' എന്ന പംക്തി ഇടയ്ക്ക് കൈകാര്യം ചെയ്തിരുന്ന ശ്രീ. അജിത് എബ്രഹാമിനെ വിളിച്ച് അഭിനന്ദിക്കുക കൂടിയുണ്ടായിട്ടുണ്ട്.

"ദൈവം നിനക്ക് നന്മ തന്നിട്ടുണ്ട്. നീയത് ലോകത്തിനോടും ചെയ്യുക" എന്ന ഖുർആൻ വചനം പ്രാണാനുസന്ധാനമായി ചെയ്തുപോരുന്നുണ്ട്. അങ്ങനെയിരിക്കുമ്പോഴാണ് 'പ്രതിസന്ധിയിൽ തളരാതെ'യിൽ ഷീബ അമീറിനെ വീണ്ടും കാണുന്നത്. ജീവിതത്തോട് അവർ പ്രതിപ്രവർത്തിക്കുന്ന രാസഘടന വ്യക്തമാക്കുന്ന ഒന്നായിരുന്നു അവരുടെ തൊഴിലിടത്തിന്റെ പേര്. ക്രിയേറ്റീവ് എന്നുതന്നെയായിരുന്നു അതിന്റെ തുടക്കം. ജൂലൈ 31 നായിരുന്നു അവരെ ആദ്യം വിളിക്കുന്നത്. ആഗസ്റ്റ് 6ന് അവരെ ആദ്യം കണ്ടു. പത്തോളം സ്ത്രീകൾ ക്രിയാത്മകമായ തൊഴിലെടുക്കുന്ന അവരുടെ തൊഴിലിടത്തിൽനിന്ന് തന്നെയാവട്ടെ ആദ്യത്തെ കാഴ്ച എന്ന് കരുതി.

ഓരോരുത്തർക്കും ഓരോ കഥയുണ്ട് എന്ന മട്ടിൽ അവൻ പിന്നീട് വിശദീകരണങ്ങൾ തന്നുകൊണ്ടേയിരുന്നു. ചിരിക്കുകയും ഇടകലരുകയും ചെയ്യുന്ന ആ സ്ത്രീകൾ വൈകീട്ട് അഞ്ചുമണിയോടെ പിരിഞ്ഞുപോയപ്പോൾ.

എല്ലാ സ്ത്രീ കഥകളിലെയും പോലെ ഭർത്താക്കന്മാർ തന്നെയായിരുന്നു വില്ലന്മാർ. ഭർത്താവ് ആത്മഹത്യ ചെയ്തവൾ. ഭർത്താവ് ഉപേക്ഷിച്ചുപോയവൾ.

അവരെല്ലാം പൊയ്ക്കഴിഞ്ഞതിനു ശേഷമാണ് ആ കഥകൾ പറഞ്ഞതുകൊണ്ട് അവരാരെയും അറിയില്ല. പിന്നെ TIFF വന്നു. തൃശൂർ ഇന്റർനാഷണൽ ഫിലിം ഫെസ്റ്റിവൽ. 3 വർഷം മുമ്പ് IFFT ക്ക് വന്നു.

പിന്നെ TIFF ലേക്കും വന്നു തുടങ്ങിയതാണ്. സംസ്കാരത്തിനും ചേരിതിരിവുണ്ടാകും എന്ന് മനസ്സിലാക്കിയതും അങ്ങനെയാണ്. ഫിലിം ഫെസ്റ്റിവൽ കഴിഞ്ഞപ്പോൾ നാട്ടിലേക്ക് മടങ്ങുന്ന ദിവസം പിന്നീട് ശ്രീമതി ഷീബയെ ഒന്നൂടെ കണ്ടു.

പിന്നെ ഫോൺവിളികൾ ഉണ്ടായിരുന്നു. അതിനിടയിൽ അക്കാദമിയിൽ ഡോ. കെ.എം. പണിക്കരുടെ ഒരു പ്രഭാഷണത്തിന് ആമുഖം പറഞ്ഞത് അവരായിരുന്നു. അതോ സ്വാഗതമോ.

അവരുമായി സംസാരിക്കാൻ കരുതിയിരുന്നില്ല. ഡോ. ബാലരാമന്റെ അഷ്ടമി ഹെർബൽ സിൽ സുഖചികിത്സ കഴിഞ്ഞിറങ്ങിയതായിരുന്നു. ആരോടും മിണ്ടാൻ തോന്നാത്ത എന്തോ ഒരു 'ഇത്'. ചുരുക്കത്തിൽ മിണ്ടാതെ മുങ്ങി.

അല്ലെങ്കിലും ഡോ. ബാലരാമൻ ശാസിക്കാറുണ്ടായിരുന്നു. നിങ്ങൾ ദൈവത്തിനെ പറ്റി പറയുന്നു. പക്ഷേ ചലനങ്ങൾ കണ്ടാലറിയില്ലേ. "ദാസ്യവൃത്തി. വൃത്തികേടുകൾ ചെയ്യുന്ന - കണ്ടിടത്ത് ഉറങ്ങുന്നു - ചണ്ഡാള ജീവിതം". ഭാഗ്യം. ധ്യാനപൂർണ്ണിമയറിഞ്ഞ ഒരു സൂഫിയാണെന്ന് പറഞ്ഞില്ലല്ലോ. സൂഫികളുടെ ജീവിതത്തിന്റെ കഷ്ടം - അഥവാ വ്യവഹാരിക ലോകത്തിന് കിട്ടാത്ത ചിദാകാശം എന്ന അവസ്ഥയെ പറ്റി പൗലോ കെയോലോയുടെ 'വെറോണിക്ക ഡിസൈഡഡ് ടു ഡൈ' എന്ന നോവലിൽ മുല്ലാ നസ്റുദ്ദീനെ ഉദ്ധരിച്ച് പറയുന്നുണ്ട്.

ഡോ. ബാലരാമൻ നമ്പൂതിരി സൂഫിയായോ എന്നാണ് ഈ സൂഫീ ഭവനത്തിലിരുന്ന് ഇതെഴുതുമ്പോൾ തോന്നുന്നത്. എന്നേക്കാൾ അഞ്ചുവയസ്സ് കൂടുതലുണ്ടെങ്കിലും പത്ത് വർഷം മുമ്പ് ഒരു ട്രെയിൻ യാത്രയിൽ 'ലവ് അറ്റ് ഫസ്റ്റ്' എന്ന പ്രണയാനുഭവത്തിൽ പരിചയപ്പെട്ടതാണ് അദ്ദേഹത്തെ.

പ്രണയം എന്തിനെയും അതിജീവിക്കുമല്ലോ. മാർക്കേസിന്റെയും ഫിഡൽ കാസ്ട്രോയുടെയും ബന്ധം പോലെ. വളരെ വിപുലമായിരുന്നു അദ്ദേഹത്തിന്റെ അച്ഛന്റെ പൊതുപ്രവർത്തനം. ബാഹുല്യം നേരിൽ കണ്ട് വളർന്ന ഒരാൾ. ആയുർവേദത്തിന്റെ ഇന്നത്തെ വാണിഭങ്ങളിൽ പെടാത്ത ഒരാൾ. പക്ഷേ മനുഷ്യൻ നാം വിചാരിച്ചതിനേക്കാൾ മോശമാണ് എന്ന അഭിപ്രായം ശരിവച്ചുകൊണ്ട് ഇടക്കിടെ പറയാറുണ്ട്. "ശ്രേഷ്ഠമായ ദാനം നായയ്ക്ക് കൊടുക്കരുത്. ബൈബിൾ പലപ്പോഴും വായിച്ചിട്ടുണ്ടെങ്കിലും ആ വചനം ഞാനെന്താ കാണാതെ പോയത്"!

അതിനിടയിൽ റംസാൻ കടന്നു പോവുന്നുണ്ടായിരുന്നു. ഇരുപത്തിയേഴാം രാവിനു മുമ്പൊരുനാൾ വിളിക്കുമ്പോൾ ഒ.വി. ഉഷ ചേച്ചി ഇരുപത്തിയേഴാം രാവായോ എന്നു സന്ദേഹിച്ചിരുന്നു. ദിനസരിക്കുറിപ്പുകളിൽ രേഖപ്പെടുത്താനാവാത്ത വിധം ജീവിതം സുഖാനുഭവങ്ങൾ കൊണ്ട് നിറഞ്ഞതായിരുന്നു ആ ദിനങ്ങൾ. 'ഷാഹിദ് നാമ' എന്ന മലയാളത്തിലെ ആദ്യത്തെ സൂഫീയംശമുള്ള നോവലിന് ഒരു രണ്ടാംഭാഗം വരാൻ വേണ്ടി എത്ര കാലമായ് ഞാൻ ചേച്ചിയെ പ്രകോപിപ്പിക്കുന്നു.

ജുമുഅ കഴിഞ്ഞു "ഹജ്ജുൽ ഫുക്കറാള വൽമസാക്കീൻ'' എന്നാണ് ഹജ്ജിനാമുഖമായി പറയുക. ഒരുജുമുഅക്കും അടുത്ത ജുമുഅക്കുമിടയിൽ ചെയ്യുന്ന പാപങ്ങൾ പൊറുക്കപ്പെടുകയും ഹൃദയം വിമലീകരിക്കുകയും ചെയ്യുന്നു. എനിക്ക് നിന്നോടുള്ള പ്രണയം മാത്രം മതി എന്ന കവയിത്രി റാബിയത്തുൽ അദവിയ്യയുടെ വരികൾ ഓർമ വരുന്നു.

റാബിയയെക്കുറിച്ചോരിക്കൽ റംസാൻ രാവുകളിലൊന്നിൽ ഷീബയോട് സംസാരിച്ചപ്പോൾ സമാനമായ വരികൾ അവരെനിക്ക് ചൊല്ലിത്തന്നു. ആത്മാവിന്റെ ദൈവത്തിനോടുള്ള ഉത്കടമായ പ്രണയ പ്രകർഷമാർന്ന ആ വരികൾ 'മാധ്യമം' ദിനപത്രത്തിൽ കവിതാരൂപത്തിൽ അച്ചടിച്ചു വന്നിട്ടുണ്ട്. ജുമുഅ കഴിഞ്ഞയുടനെ അവരെ വിളിച്ചു. "ഞാൻ സാറിന്റെ കൂടെ വീട്ടിലേക്ക് പൊയ്ക്കൊണ്ടിരിക്കുകയാണ്. മറ്റന്നാളത്തെ മീറ്റിംഗിന്റെ ഭാഗമായി ചില പ്രധാന കാര്യങ്ങൾ സംസാരിക്കാനുണ്ട്."

പെയിൻ ആന്റ് പാലിയേറ്റീവ് ക്ലിനിക്കിന്റെ മീറ്റിംഗായിരിക്കണം. അവരുടെ 21 വയസ്സുള്ള മകൾ അർബുദബാധയിൽനിന്നും പൂർണ്ണമായി വിമുക്തമായി എന്നുവേണം മനസ്സിലാക്കാൻ. അത് അസംഭവ്യമല്ല. ഉസ്താദ് അല്ലാരാഖയുടെ ഇളയ മകൻ ഫസൽ ഖുറേഷിയുടെ തബലവാദനം കേൾക്കാൻ തിരുവനന്തപുരത്തെ നിശാഗന്ധി ഓപൺ ഓഡിറ്റോറിയത്തിൽ നിൽക്കുമ്പോൾ ദൂരെ നിന്നു വരുന്നു മദ്ധ്യവയസ്സ് കഴിഞ്ഞ അനുരൂപരായ ദമ്പതികളിൽ ഒരാളെ ഇന്റ്യൂഷൻ വഴി കാൻസറുണ്ടെന്നു തോന്നി പരിചയപ്പെട്ടതും അവരെ സ്വാമി ശിവാനന്ദയുടെ ആശ്രമത്തിലേക്കയച്ചതും അവരുടെ പ്രാരംഭദശയിലുണ്ടായിരുന്ന ഗർഭപാത്രകാൻസർ സുഖപ്പെട്ടതും ഓർമിക്കുന്നു (ഞാൻ സിദ്ധനല്ല. ഇതെല്ലാം യാദൃശ്ചികം മാത്രം).

*(തുടരും)*

*പാറപ്പുറത്ത് വീട്, മുത്തൂർ,*
*തിരൂർ പി.ഒ., മലപ്പുറം*

## അതിരപ്പിള്ളി : പദ്ധതി നടപ്പാക്കുന്നത് തടയും

അതിരപ്പിള്ളി ജലവൈദ്യുത പദ്ധതിയുമായി ബന്ധപ്പെട്ട് മരംമുറിക്കാൻ ശ്രമിക്കുന്നതുൾപ്പെടെയുള്ള നടപടികളുമായി മുന്നോട്ടുപോയാൽ തടയുമെന്ന് റിവർ പ്രൊട്ടക്ഷൻ യോഗം തീരുമാനിച്ചു. ഇതു സംബന്ധിച്ച് മുഖ്യമന്ത്രിക്കും ബന്ധപ്പെട്ട മന്ത്രിമാർക്കും നിവേദനം നൽകും. അതിരപ്പിള്ളി പദ്ധതിയുമായി ബന്ധപ്പെട്ട പരാതികൾ ഹൈക്കോടതിയുടെ പരിഗണനയിലിരിക്കുമ്പോഴും എന്തുവന്നാലും പദ്ധതി നടപ്പാക്കുമെന്ന വാശിയോടെ മുന്നോട്ടുപോകുന്ന കെ.എസ്.ഇ.ബി. നീക്കം അപകടകരവും ജനാധിപത്യ മര്യാദകൾക്ക് നിരക്കാത്തതുമാണെന്ന് യോഗം ചൂണ്ടിക്കാട്ടി. ടെൻഡർ നടപടികളും പദ്ധതി പ്രദേശത്തെ മരംമുറിക്കുന്നതും ആരംഭിച്ചുകൊണ്ടുള്ള കെ.എസ്.ഇ.ബി. നീക്കം ജനങ്ങളോടുള്ള വെല്ലുവിളിയായേ കാണാനാകൂ. ജനഹിതത്തിനെതിരായി മരംമുറിച്ച് പദ്ധതി പ്രദേശം കൈവശപ്പെടുത്താനുള്ള നീക്കത്തെ ജനങ്ങളെ അണിനിരത്തി ചിപ്കോ മാതൃകയിൽ നേരിടും. ഈ ചിപ്കോ മൂവ്മെന്റിന് കേരളത്തിന് എല്ലാ പരിസ്ഥിതി പ്രവർത്തകരുടെയും പിന്തുണ ഫോറം അഭ്യർത്ഥിച്ചു.

*ബന്ധങ്ങൾക്ക് : മോഹൻദാസ്, 9895977769*